# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-IDK-(8)-274/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 11/05/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-IDK-(8)-274/2022 തീയ്യതി: 11/05/2022

## ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-03-2021 മുതൽ 20-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സി.ആർ.ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 28-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-02-2022 | 28-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി മരുൺ മാത്യു, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി മായാ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു ബിനു | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ഭരണ നിർവ്വഹണ കമ്മിറ്റി | സെക്രട്ടറി | 11-11-2020 | 29-12-2020 |
| ശ്രീ.ജോജി തോമസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.ലീനാകുമാരി കെ.ജി | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ബോബൻ പോൾ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.പ്രസാദ്.പി.നായർ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ.ജ്യോതി ലക്ഷ്മി എൽ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 14-10-2020 |
| ഡോ.സുജ സെബാസ്റ്റ്യൻ | മെഡിക്കൽഓഫീസർ ആയുർവ്വേദം | 04-01-2021 | 20-01-2021 |
| ഡോ.ജ്യോതി ലക്ഷ്മി എൽ. | മെഡിക്കൽഓഫീസർ ആയുർവ്വേദം | 21-01-2021 | 31-03-2021 |
| ഡോ.സ്മിത ആർ. മേനോൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 14-10-2020 |
| ഡോ. അനു വിജയൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ)) | 15-10-2020 | 31-03-2021 |
| ഡോ.ജെറി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (പി. എച്ച് സി) | 01-04-2020 | 31-03-2021 |
| ശ്രീ. കുട്ടിച്ചൻ എം. കല്ലട | അസി. എൻജിനീയർ | 01-04-2020 | 12-06-2020 |
| ശ്രീ. പോളി ഇടയനാൽ | അസി. എൻജിനീയർ | 13-06-2020 | 23-06-2020 |
| ശ്രീ. സൂരജ് വി. എസ്. | അസി. എൻജിനീയർ | 24-06-2020 | 31-03-2021 |
| ഡോ. സുജ സെബാസ്റ്റ്യൻ | വെറ്ററിനറി സർജൻ | 01-04-2020 | 08-09-2020 |
| ഡോ. മായാ ജോർജ് | വെറ്ററിനറി സർജൻ | 09-09-2020 | 31-03-2021 |
| ശ്രീമതി.മരിയ ജോർജ് | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 01-04-2020 | 15-11-2020 |
| ശ്രീമതി.നൈനിമോൾ ഐ.ജി | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 16-11-2020 | 15-12-2020 |
| ശ്രീമതി മരിയ ജോർജ്ജ് | ഐ.സി.ഡി.എസ്.സൂപ്പർ വൈസർ | 16-12-2020 | 31-03-2021 |
| ശ്രീ.ജോജോ സേവ്യർ | വി.ഇ.ഒ - I | 01-04-2020 | 14-10-2020 |
| ശ്രീ.സുദർശനൻ | വി.ഇ.ഒ - I | 15-10-2020 | 31-03-2021 |
| ശ്രീമതി.രശ്മി ഇ.എസ് | വി.ഇ.ഒ - II | 01-04-2020 | 06-06-2020 |
| ശ്രീമതി.എലിസബത്ത് ജോസഫ് | വി.ഇ.ഒ - II | 22-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 26-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 28-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-3 |
| 4 | പദ്ധതി രൂപീകരണം<br>Written By: Susaniamma Thomas (Audit Officer, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: Marun Mathew (Asst. Audit Officer, On 28-02-2022)<br>Last Updated By: Eby Abraham (Senior Grade Auditor, On 11-05-2022) | 1-5 |
| 6 | ക്ഷേമപദ്ധതികള്‍<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷന്‍<br>Written By: Susaniamma Thomas (Audit Officer, On 26-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 1-8 |
| 9 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകള്‍ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടില്‍ നിക്ഷേപിച്ചിരിക്കുന്നു<br>Written By: Marun Mathew (Asst. Audit Officer, On 28-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 1-9 |
| 10 | ഡിസിബി രജിസ്റ്റര്‍, വാര്‍ഷിക കണക്ക് എന്നിവ തമ്മില്‍ വ്യത്യാസം<br>Written By: Maya Krishnan (Auditor, On 28-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 1-10 |
| 11 | പഠന കോഴ്സ് കാലാവധി പൂര്‍ത്തീകരിച്ച വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്ടോപ്പ് ആനുകൂല്യം നല്‍കി<br>Written By: Maya Krishnan (Auditor, On 26-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-11 |
| 12 | മരുന്ന് ലഭ്യമായില്ല<br>Written By: Susaniamma Thomas (Audit Officer, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-12 |
| 13 | തെരുവ് വിളക്കുകളുടെ പരിപാലനം<br>Written By: Marun Mathew (Asst. Audit Officer, On 28-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 1-13 |
| 14 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: Susaniamma Thomas (Audit Officer, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 1-14 |
| 15 | എച്ച്.എം.സി വാര്‍ഷിക കണക്കുകള്‍ സമര്‍പ്പിക്കുന്നില്ല<br>Written By: Susaniamma Thomas (Audit Officer, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 1-15 |
| 16 | കോവിഡ്-19 പ്രതിരോധ പ്രവര്‍ത്തനങ്ങള്‍<br>Written By: Susaniamma Thomas (Audit Officer, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-16 |
| 17 | മോണിട്ടറിംഗ് സമിതി നിര്‍ജ്ജീവം<br>Written By: Susaniamma Thomas (Audit Officer, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-17 |
| 18 | വിവിധ വാര്‍ഡുകളില്‍ പൈപ്പ് ലൈന്‍ എക്സ്റ്റന്‍ഷന്‍ - നീക്കിയിരിപ്പ് തുക തിരികെ ഈടാക്കിയിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 1-18 |
| 19 | പ്ലാന്റേഷന്‍ ലക്ഷംവീട് കോളനി കുഴല്‍ കിണറിന് മോട്ടോര്‍ സ്ഥാപിക്കല്‍ - ഡെപ്പോസിറ്റ് പ്രവൃത്തി പൂര്‍ത്തീകരിച്ചിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 01-03-2022) | 1-19 |

| | | |
|---|---|---|
| | Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | |
| 20 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ച് ഈടാക്കി<br>Written By: Maya Krishnan (Auditor, On 02-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 1-20 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 09-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 26-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടിയിലൂടെ ഈടാക്കിയ തുക<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 07-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 10-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

24.02.2020ലെ 2-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹1,36,89209.41 മുന്നിരിപ്പും ₹8,51,35,000/- വരവും ₹8,44,96,000/- ചെലവും ₹1,43,28,209.41 നീക്കിയിരിപ്പും ഉള്ള കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-21ലെ ബജറ്റ് 18.03.2020-ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം നേടി. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ്-ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശം ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റികളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങളെ പരിഗണിച്ചുകൊണ്ടുമാണ് ബജറ്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ഫയലിൽ സെക്രട്ടറി ഉൾപ്പെടെയുള്ള വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബജറ്റ് നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പരിഗണിക്കുകയോ അവരുമായി ചർച്ച ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണിക്കുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സെക്രട്ടറിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരും ബജറ്റുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റും നിർദ്ദേശങ്ങളും തയ്യാറാക്കി നല്കിയിട്ടുള്ളതായി കാണുന്നില്ല.

ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ, എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട് വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 02-08-2021 | - | - |

### 1-3 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | -- | 6560498 | 6560498 | 6212967 | 347531 |
| വികസനഫണ്ട് – എസ്.സി.പി. | -- | 2226529 | 2226529 | 867604 | 1358925 |
| വികസനഫണ്ട് – ടി.എസ്.പി. | -- | 217373 | 217373 | 19737 | 197636 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 6863813 | 6863813 | 4449743 | 2414070 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് | – | 3390000 | 3390000 | 2042908 | 1347092s |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | -- | 11017000 | 11017000 | 11017000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | -- | 3456681 | 3456681 | 3003273 | 453408 |
| ഐ.സി.ഡി.എസ്. | 295023 | 507607 | 802630 | 434891 | 367739 |
| ആർ.ജി.പി.എസ്.എ. ഗ്രാന്റ് | 76981 | – | 76981 | – | 76981 |
| മറ്റ് ഗ്രാന്റ് ലൈഫ് മിഷൻ | 60084 | – | 60084 | – | 60084 |
| സാക്ഷരത | 14407 | – | 14407 | – | 14407 |
| എസ്.എസ്.എ. | 20524 | 564 | 21088 | – | 21088 |
| ശുചിത്വ മിഷൻ | 1205500 | 1315448 | 2520948 | 665233 | 1855715 |
| ടോട്ടൽ സാനിട്ടേഷൻ | 1395612 | -- | 1395612 | -- | 1395612 |
| വിമുക്തി | 495832 | 26769 | 522601 | | 522601 |
| സമ്പൂർണ്ണ ശുചിത്വം | 26170 | – | 26170 | – | 26170 |
| പകർച്ചവ്യാധി ഗ്രാന്റ് | 500000 | – | 500000 | 81960 | 418040 |
| എസ്.സി. ഫണ്ട് | -- | 277000 | 277000 | – | 277000 |

താഴെ പറയുന്ന ഇനങ്ങളിൽ എ.സി.ആർ.-ലെ ചെലവ് തുകകൾ സുലേഖ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | എ.സി.ആർ. പ്രകാരം ചെലവ് ₹ | സുലേഖ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ₹ |
|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 6212967 | 7396469 |
| വികസനഫണ്ട് – എസ്.സി.പി. | 867604 | 1590961 |
| വികസനഫണ്ട് – ടി.എസ്.പി. | 19737 | 34364 |

## 1-4 പദ്ധതി രൂപീകരണം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം % |
|---|---|---|---|---|---|---|
| 139 | 69895354 | 110 | 38257626 | 0 | 29 | 79.13 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം % |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 22 | 18 | 6093036 | 5467069 | 4 | 89.72 |
| 2 | അസി. എൻജിനീയർ | 65 | 54 | 32834779 | 22582099 | 11 | 68.77 |
| 3 | വി.ഇ.ഒ. – I | 10 | 7 | 4431385 | 1871378 | 3 | 42.23 |
| 4 | വെറ്ററിനറി സർജൻ | 6 | 4 | 3149900 | 2105150 | 2 | 66.83 |
| 5 | കൃഷി ഓഫീസർ | 7 | 7 | 573440 | 412320 | 0 | 71.90 |
| 6 | എം.ഒ. – പി.എച്ച്.സി. | 4 | 4 | 875000 | 875000 | 0 | 100 |
| 7 | ഐ.സി.ഡി.എസ്. | 5 | 4 | 3466337 | 2541462 | 0 | 73.31 |
| 8 | വി.ഇ.ഒ –II | 12 | 6 | 17001477 | 1238148 | 6 | 7.28 |
| 9 | എം.ഒ., ഹോമിയോ | 1 | 1 | 100000 | 100000 | 0 | 100 |
| 10 | ഹെഡ്മാസ്റ്റർ | 4 | 2 | 625000 | 470000 | 2 | 75.2 |
| 11 | എം.ഒ., ആയുർവ്വേദം | 2 | 2 | 495000 | 495000 | 0 | 100 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 250000 | 100000 | 0 | 40 |
| | ആകെ | 139 | 110 | 69895354 | 38257626 | 28 | 54.73 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം % |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 9490772 | 7396469 | 77.93 |
| | പട്ടിക ജാതി വിഭാഗം | 2936471 | 1590961 | 54.17 |
| | പട്ടിക വർഗ്ഗ വിഭാഗം | 239313 | 34364 | 14.35 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 9087311 | 6492651 | 71.44 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 853212 | 566597 | 66.40 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 6285446 | 1183728 | 18.83 |
| തനത് ഫണ്ട് | | 4410225 | 1245591 | 28.24 |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 2404003 | 281085 | 11.69 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | | 7376370 | 4761967 | 64.55 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 14697462 | 11017000 | |
| | റോഡിതരം | 4816069 | 3003273 | 62.35 |
| മറ്റിനം | | 7298700 | 683940 | 9.37 |

ജില്ലാ ആസൂത്രണ സമിതിയുടെ 28/01/2021 തീയതിയിലെ 2127/20/DPC/DPO/IDK ഉത്തരവ് പ്രകാരം വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 139 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 110 പ്രോജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹6,98,95,354/-ന്റെ 54.73% (₹38257626/-) മാത്രമാണ് തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി എന്നിവരുടെ ഫണ്ട് വിനിയോഗം വളരെ കുറവാണ്. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം നിർവ്വഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണ സമിതി യോഗങ്ങളിലും പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.

1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 252323 | 621792 | 874115 | 759653 | 114462 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10213796 | 10213796 | 10213796 | 0 |

1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7800 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 2391300 | 960 |
| വിധവാപെൻഷൻ | 5337100 | 2087 |
| വാർദ്ധക്യകാലപെൻഷൻ | 14630000 | 5764 |
| വികലാംഗപെൻഷൻ | 2372600 | 0 |
| അവിവാഹിതർക്കുള്ള പെൻഷൻ | 360000 | 941 |
| വിധവകളുടെ മക്കൾക്കുള്ള ധനസഹായം | 90000 | 3 |

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹6,867/- (ആറായിരത്തി എണ്ണൂറ്റി അറുപത്തിയേഴ് രൂപ മാത്രം) ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം

രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ 2 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-9 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്. വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമല്ല. മേൽ തുകകളുടെ വരവ് വിശദാംശങ്ങൾ, തുക നൽകിയ സ്ഥാപനം/ഏജൻസിയുടെ വിവരം, തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം, തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടുണ്ടെങ്കിൽ ബാദ്ധ്യത ശീർഷകത്തിൽ നിന്നും തുക ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതിനും വിനിയോഗിച്ചിട്ടില്ലെങ്കിൽ കാരണവും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017-ലെ സ.ഉ(അ)7/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ-ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018-ലെ സ.ഉ(അ)100/2018/ധന., 24.01.2019-ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിറുത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാപഞ്ചായത്തിൽ നിന്നും ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വിനിയോഗിക്കാത്ത തുക അടിയന്തിരമായി സർക്കാരിലേയ്ക്ക് (സഞ്ചിത നിധി) തിരികെ ഒടുക്കേണ്ടതാണ്.

| ക്രമ നം. | ഹെഡ് | തുക ₹ |
|---|---|---|
| 1 | 320100115 (TSC) | 1395612 |
| 2 | 320100116 (SSA) | 21088 |
| 3 | 320100121 (ICDS) | 367739 |

| | | |
|---|---|---|
| 4 | 320100199 | 76981 |
| 5 | 320100299 | 60084 |
| 6 | 320200309 (സാക്ഷരത) | 14407 |
| 7 | 320200322 (ശുചിത്വ മിഷൻ) | 1855715 |
| 8 | 320200324 | 418040 |
| 9 | 320300103 (സമ്പൂർണ്ണ ശുചിത്വം) | 26170 |
| 10 | 320300199 | 522601 |
| 11 | 320700105 (സംയുക്ത പദ്ധതികൾ – ബ്ലോക്ക്പഞ്ചായത്ത്) | 1043900 |
| 12 | 320700205 (ജില്ലാപഞ്ചായത്ത്) | 19550 |
| 13 | 320700404 (ബ്ലോക്ക്പഞ്ചായത്ത്) | 174118 |
| 14 | 320800199 | 277000 |

1-10 ഡിസിബി രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ തമ്മിൽ വ്യത്യാസം

കരിങ്കുന്നം ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് വരവിനങ്ങളിലൂടെ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവയിലെ തുകകൾ തമ്മിൽ താഴെ സൂചിപ്പിക്കും പ്രകാരം വ്യത്യാസം കാണപ്പെട്ടു.

| ഇനം | വാർഷികക്കണക്ക് പ്രകാരം ₹ | | രജിസ്റ്റർ പ്രകാരം ₹ |
|---|---|---|---|
| തൊഴിൽ നികുതി (ജീവനക്കാർ) | ഡിമാന്റ് | 710250 | 710250 |
| | കളക്ഷൻ | 688750 | 710250 |
| | ബാലൻസ് | - | - |
| ഫാക്ടിയോസ് ഫീസ് | ഡിമാന്റ് | 140700 | 185755 |
| | കളക്ഷൻ | 135950 | 185755 |
| | ബാലൻസ് | - | - |
| ലേലം | ഡിമാന്റ് | 2900 | 3582 |
| | കളക്ഷൻ | 2900 | 3582 |
| | ബാലൻസ് | - | - |

1) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.12/25-02-2022-ന് ഹാജരാക്കിയ മറുപടിയിൽ രജിസ്റ്ററിലെ തെറ്റായ രേഖപ്പെടുത്തലുകൾ പരിഹരിച്ചെന്ന് മറുപടി ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. വരവിനങ്ങളുടെ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരം ഡി.സി.ബി. തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട സെക്ഷൻ കൃത്യതയോടെ കണക്കുകൾ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട സെക്ഷന്റെ ഉത്തരവാദിത്തക്കുറവും ജോലിയിലുള്ള കൃത്യവിലോപവും ആണ് മേൽ സൂചിപ്പിച്ച അപാകതകൾക്ക് നിദാനമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അധികാരികളുടെ കൃത്യമായ മേൽനോട്ടം ഇത് സംബന്ധിച്ച് ഉണ്ടാവണമെന്ന് നിർദ്ദേശിക്കുന്നു.

2) കരിങ്കുന്നം പ്രാഥമികാരോഗ്യ കേന്ദ്രത്തിനു സമീപം മുറിച്ച് മാറ്റിയ വാകമരം ലേലം ചെയ്യണമെന്ന് 20-01-2021-ലെ 10/1

നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി ലേലം നടത്തിയിട്ടില്ല. ആയത് കാലപ്പഴക്കം മൂലം ജീർണ്ണിച്ച് പോകാതെ ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ വാല്യുവേഷൻ വാങ്ങി ലേലം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-11 പഠന കോഴ്സ് കാലാവധി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ആനുകൂല്യം നൽകി

| | |
|---|---|
| പദ്ധതി നം., പേര് | 30/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ തുക | ₹3,90,000/- |
| ചെലവ് തുക | ₹2,49,498/- |
| ബിൽ നം./തീയതി/തുക | 20100552021100028653/11-04-2020, ₹2,49,498/- |
| ടാക്സ് ഇൻവോയ്സ് നം./തീയതി/തുക | RV200105009267/22-12-2020, ₹2,38,066/- |

പദ്ധതി പ്രകാരം 9 എസ്.സി. വിദ്യാർത്ഥികൾക്കാണ് കെൽട്രോണിൽ നിന്ന് ലാപ്ടോപ്പ് നൽകിയിരിക്കുന്നത്. ഇവരിൽ ഏഴ് കുട്ടികളുടെയും പഠന കോഴ്സ് കാലാവധി കഴിഞ്ഞാണ് ലാപ്ടോപ്പ് നൽകിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | കോഴ്സ്/കാലാവധി | റിമാർക്സ് | കൈപ്പറ്റ് തീയതി |
|---|---|---|---|---|
| 1 | വിഷ്ണുമോൻ എം.സി. | ഡിപ്ലോമ അവസാന വർഷം 2019-20 | കോഴ്സ് കാലാവധി കഴിഞ്ഞതിനുശേഷം ലാപ്ടോപ്പ് നൽകി | 21-08-2021 |
| 2 | അർജ്ജുൻ ബിജു | ബി.എ. ഹിസ്റ്ററി 2017-20 | കോഴ്സ് കാലാവധി കഴിഞ്ഞതിനുശേഷം ലാപ്ടോപ്പ് നൽകി | 21-08-2021 |
| 3 | അമൽ ബാബു | ബി.എ. എക്കണോമിക്സ് 2017-20 | കോഴ്സ് കാലാവധി കഴിഞ്ഞതിനുശേഷം ലാപ്ടോപ്പ് നൽകി | 21-08-2021 |
| 4 | പ്രഫുല്ല ചന്ദ്രൻ | ബി.എ. ഇംഗ്ലീഷ് 2017-20 | കോഴ്സ് കാലാവധി കഴിഞ്ഞതിനുശേഷം ലാപ്ടോപ്പ് നൽകി | 21-08-2021 |
| 5 | ശോഭിക ഗോപി | ബി.എ. ഹിസ്റ്ററി 2017-20 | കോഴ്സ് കാലാവധി കഴിഞ്ഞതിനുശേഷം ലാപ്ടോപ്പ് നൽകി | 21-08-2021 |
| 6 | അരുണ്യ ഷാജി | ബി.എ. ഹിസ്റ്ററി 2017-20 | കോഴ്സ് കാലാവധി കഴിഞ്ഞതിനുശേഷം ലാപ്ടോപ്പ് നൽകി | 21-08-2021 |
| 7 | അഭിഷേക് എ.എസ്. | പോളിടെക്നിക് അവസാന സെമസ്റ്റർ 2019-20 | കോഴ്സ് കാലാവധി കഴിഞ്ഞതിനുശേഷം ലാപ്ടോപ്പ് നൽകി | 21-08-2021 |

അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/24-02-2022-ന് ഹാജരാക്കിയ മറുപടിയിൽ കരാർ വെച്ചപ്പോൾ ഗുണഭോക്താക്കൾ വിദ്യാർത്ഥികളായിരുന്നുവെന്നും കൊറോണ മൂലം കോഴ്സ്

നീണ്ടുപോയിരുന്നു എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല, കാരണം വിദ്യാർത്ഥികളുടെ പഠന കോഴ്സിന്റെ അവസാന കാലഘട്ടത്തിലാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ നടപ്പാക്കുന്നതിനുവേണ്ട സമയപരിധി കണക്കാക്കി വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതും എഗ്രിമെന്റ് വെയ്ക്കേണ്ടതും. കോഴ്സിന്റെ അവസാന വർഷം പഠിയ്ക്കുന്ന വിദ്യാർത്ഥികളെ ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കുന്നത് മൂലം ലാപ്ടോപ്പ് വിതരണ സമയത്ത് ഗുണഭോക്താക്കൾ പഠനം പൂർത്തീകരിച്ചിട്ടുണ്ടാവും. അതുമൂലം ആനുകൂല്യത്തിന്റെ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭ്യമാകില്ലെന്ന് മാത്രമല്ല സർക്കാർ ധനസഹായം അനർഹരുടെ കൈവശമെത്തി പാഴാവുകയും ചെയ്യും. ആയതിനാൽ ഭാവിയിൽ ഇത്തരം ആനുകൂല്യം നൽകുമ്പോൾ കോഴ്സ് അവസാന വർഷ വിദ്യാർത്ഥികളെ കഴിയുന്നതും ഒഴിവാക്കി സർക്കാർ ധനസഹായം അർഹതപ്പെട്ടവർക്ക് മാത്രം ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-12 മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/നമ്പർ | 15/2020-2021 – പി.എച്ച്.സി. മരുന്ന് വാങ്ങൽ |
| | 16/2020-2021 – പാലിയേറ്റീവ് കെയർ |
| നിർവ്വഹണദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| അടങ്കൽ തുക | ₹2,00,000/- (റോഡിതരം) |
| | ₹1,00,000/- (റോഡിതരം) |
| ബിൽ നം./തുക/തീയതി | 515690/തീ. 14.09.2020 തുക ₹2,00,000/- |
| | 293392/തീ. 19.03.2021 തുക ₹77,000/- |

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് മേൽ സൂചിത ബിൽ പ്രകാരം ₹2,77,000/- ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. പ്രസ്തുത ചെലവഴിച്ച ₹2,77,000/- തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 തെരുവ് വിളക്കുകളുടെ പരിപാലനം

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 2020-21-ൽ ₹2,01,555/- ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾക്ക് പൂർണ്ണമായും മീറ്റർ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 27.03.203-ലെ 65529/ഡി.സി.3/12-ലെ നിർദ്ദേശം പാലിച്ചിട്ടില്ല. കെ.എസ്.ഇ.ബി ബോർഡ് സെക്രട്ടറിയുടെ 23.02.2004-ലെ എൽ.ജി./സി.ഒ.എം/3515/98 സർക്കുലറിലെ നിർദ്ദേശാനുസരണം പുറപ്പെടുവിച്ച ബി.ഒ(എഫ്.ബി)496/2004-ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മീറ്റർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം (ബൾബ്, ട്യൂബ്, സി.എഫ്.എൽ, സോഡിയം വേപ്പർ ലാമ്പ്) എന്നിവ കാണിക്കുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ ഊർജ്ജം കുറവ് ആവശ്യമായ ഇനത്തിലേയ്ക്ക് മാറേണ്ടതാണ്. തെരുവ് വിളക്കുകൾ എല്ലാം പ്രവർത്തനക്ഷമമാണെന്നും പ്രവർത്തനക്ഷമമായതിന് മാത്രം കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 08.07.2019-ലെ OP15/2018 പ്രകാരം ചാർജ്ജ് അടവാക്കുന്നുണ്ടെന്നും അധിക തുക അടവാക്കുന്നില്ല എന്നും ഉറപ്പാക്കി ഈ ഇനത്തിൽ കൃത്യത വരുത്തേണ്ടതാണ്.

## 1-14 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 എച്ച്.എം.സി വാർഷിക കണക്കുകൾ സമർപ്പിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ

ച്ചമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 1-16 കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ

ജി.ഒ.(ആർ.റ്റി.)നം.686/2020/എൽ.എസ്.ജി.ഡി.(ഡി.സി.) തീയതി 20.03.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ പ്രകാരം കോവിഡ്-19 മായി ബന്ധപ്പെട്ട് പഞ്ചായത്ത്തല സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ വാർഡിലുമായി 62 പേരെ നിയമിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2020-21 വർഷം വിവിധങ്ങളായ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്. പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡെസ്ക്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. മരുന്ന്, സാനിറ്റൈസർ, മാസ്ക്ക് തുടങ്ങിയ മറ്റ് പ്രതിരോധ സാമഗ്രികളും വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തുതല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പൾസ് ഓക്സി മീറ്ററുകൾ വാങ്ങി നൽകിയിട്ടില്ല. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദ രോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ഫസ്റ്റ് ബെൽ പഠനകേന്ദ്രം രൂപീകരിച്ചിട്ടില്ല. കമ്മ്യൂണിറ്റി കിച്ചൺ ദിവസ വേതന ജീവനക്കാരെ നിയമിച്ച് ആരംഭിച്ചിട്ടുള്ളതും കറന്റ് ചാർജ്ജ്, വാടക എന്നീയിനങ്ങളിൽ ഗ്രാമപഞ്ചായത്ത് ₹23,769/- ചെലവഴിച്ചിട്ടുമുണ്ട്. വിവിധ കമ്മിറ്റികൾ നിയമപ്രകാരം ഓൺലൈനായി ചേർന്നിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ 2021-22 വർഷവും തുടർന്നുവരുന്നുണ്ട്. പഞ്ചായത്തിന്റെ സംയോജിതമായ ഇടപെടൽ കോവിഡ് വ്യാപനത്തെ ഒരു പരിധിവരെ തടയുവാൻ സഹായകമായിട്ടുണ്ട്.

## 1-17 മോണിട്ടറിംഗ് സമിതി നിർജ്ജീവം

പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച് ആസൂത്രണ സമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ, തദ്ദേശ സ്ഥാപനങ്ങളിലെയും അവയ്ക്ക് കൈമാറിക്കിട്ടിയ വിവിധ സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥർ മുഖേനയാണ് നടപ്പാക്കുന്നത്. മേഖല അടിസ്ഥാനത്തിൽ അതത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണ ഘട്ടങ്ങളിലെ മോണിട്ടറിംഗ് നടത്തേണ്ടത്. മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്ന പ്രോജക്ട് പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിൽ മോണിട്ടറിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ ജനപ്രതിനിധിയും കൺവീനർ ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനുമായിരിക്കേണ്ടതാണ്.

ജനകീയ സമിതിയായ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാതിരിക്കുന്നത് ജനകീയാസൂത്രണ പദ്ധതി നിർവ്വഹണത്തിന്റെ സുതാര്യതയെയും അന്തസത്തയേയും ചോദ്യം ചെയ്യുന്നതാണ്. ആകയാൽ മോണിട്ടറിംഗ്

സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-18 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - നീക്കിയിരിപ്പ് തുക തിരികെ ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 41/21 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ |
| അടങ്കൽ | ₹22,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ്<br>₹21,95,000/- | ₹4,99,000/- (2019-20)<br>201005520166001383O3/11.04.2020, ₹4,99,000/-<br>20100552016600138304/11.04.2020, ₹1,99,000/-<br>20100552016600138302/07.05.2020, ₹4,99,900/-<br>20100552016600448454/19.08.2020, ₹4,99,000/- |

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിട്ടിയിൽ ₹21,95,000/- ഒടുക്കുകയും വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയറുടെ 13.01.2022-ലെ എ6/761 /14(2) വിനിയോഗ സാക്ഷ്യപത്രം പ്രകാരം ₹19,64,842/- ചെലവഴിച്ചതായും അറിയിച്ചിട്ടുണ്ട്. എന്നാൽ നീക്കിയിരിപ്പ് തുകയായ ₹2,30,158/- നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 23.02.2022-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.8-ന് ലഭ്യമാക്കിയ മറുപടിയിൽ നീക്കിയിരിപ്പ് തുകയ്ക്ക് കൂടി പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള പ്രവൃത്തി ഏറ്റെടുക്കുന്നതിന് 04/02/2022-ലെ 3(1) തീരുമാനപ്രകാരം കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നു. തുടർ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്. നീക്കിയിരിപ്പ് തുക ₹2,30,158/- തടസ്സപ്പെടുത്തുന്നു.

1-19 പ്ലാന്റേഷൻ ലക്ഷംവീട് കോളനി കുഴൽ കിണറിന് മോട്ടോർ സ്ഥാപിക്കൽ - ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 99/21<br>പ്ലാന്റേഷൻ ലക്ഷംവീട് കോളനി കുഴൽ കിണറിന് മോട്ടോർ സ്ഥാപിക്കൽ |
| അടങ്കൽ | ₹6,06,120/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | 201005520166016601068288/തീയതി. 10.02.21 ₹3,16,108/-<br>201005520166016601068282/തീയതി. 10.02.21 ₹2,90,012/- |

പ്ലാന്റേഷൻ ലക്ഷംവീട് കോളനി കുഴൽ കിണറിന് മോട്ടോർ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം ₹6,06,120/- ഇടുക്കി ഭൂജല വകുപ്പിന് നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 23.02.2022-ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.9-ന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി ഉടനെ പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക ₹6,06,120/- തടസ്സപ്പെടുത്തുന്നു.

1-20 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ച് ഈടാക്കി

പഞ്ചായത്തിൽ വാണിജ്യ ഉപയോഗക്രമത്തിൽപ്പെട്ട താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം. | ഉടമ/ഉപയോഗക്രമം | കെട്ടിട നം./ വിസ്തീർണ്ണം | ഈടാക്കിയ നികുതി/ച.മീ. | ഈടാക്കേണ്ട നികുതി/ ച.മീ. |
|---|---|---|---|---|
| 1. | ജൂബി ഐസക്, സാനിയ ഇൻഡസ്ട്രീസ്, ചെരുപ്പ് നിർമ്മാണം | II/98-112<br>II/99-112 | 20<br>20 | 50 (ഇതര വ്യവസായങ്ങൾ)<br>50 (ഇതര വ്യവസായങ്ങൾ) |
| 2. | ജൂബി ഐസക്, സാനിയ ഇൻഡസ്ട്രീസ്, ചെരുപ്പ് നിർമ്മാണം | III 210<br>123 | 20 | 50 (ഇതര വ്യവസായങ്ങൾ) |
| 3. | ജൂബി ഐസക്, പോളിമർ കേരള പ്രൈവറ്റ് ലിമിറ്റഡ് | III 212<br>517 | 20 | 50 (ഇതര വ്യവസായങ്ങൾ) |
| 4. | ജൂബി ഐസക്, പോളിമർ കേരള പ്രൈവറ്റ് ലിമിറ്റഡ് | III 216<br>102 | 20 | 50 (ഇതര വ്യവസായങ്ങൾ) |
| 5. | ജൂബി ഐസക്, പോളിമർ കേരള പ്രൈവറ്റ് ലിമിറ്റഡ് | III 217<br>102 | 20 | 50 (ഇതര വ്യവസായങ്ങൾ) |
| 6. | ജൂബി ഐസക്, പോളിമർ കേരള പ്രൈവറ്റ് ലിമിറ്റഡ് | III 208<br>123 | 20 | 50 (ഇതര വ്യവസായങ്ങൾ) |

വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അപാകതകൾ പരിശോധിച്ച് വസ്തു നികുതി പരിഷ്കരിക്കുന്നതാണെന്ന് മറുപടി ഹാജരാക്കി. വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020 -2021 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | -- |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക ലഭ്യമാക്കിയ സ്ഥാപനം | വർഷം | തുക ₹ | പദ്ധതി | ചെലവ് ₹ | ബാക്കി ₹ |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2020-2021 | 174118 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 174118 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-2021 | 23235 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 23235 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2020-2021 | 83732 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 83732 | 0 |
| ജില്ലാപഞ്ചായത്ത് | 2020-2021 | 190300 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 190300 | 0 |
| ജില്ലാപഞ്ചായത്ത് | 2020-2021 | 2740129 | കരിങ്കുന്നം പി.എച്ച്.സി.- വയോജന ആരോഗ്യ പരിപാലനകേന്ദ്രം | 2740129 | |
| ജില്ലാപഞ്ചായത്ത് | 2020-2021 | 1831538 | കരിങ്കുന്നം പി.എച്ച്.സി.- വനിതാ കൗൺസിൽ ഹാൾ | 1831538 | 0 |

### 4-3 നിക്ഷേപ പ്രവർത്തികളുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ | 448454/19.08.2020 | 1696000 | 1696000 | 0 |
| കേരള വാട്ടർ | പ്ലാന്റേഷൻ ലക്ഷംവീട് കോളനി | 138304/07.05.2020 | 606120 | 0 | 606120 |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | കുഴൽകിണറിന് മോട്ടോർ സ്ഥാപിക്കൽ | | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

- - ഇല്ല - -

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | തൻവർഷ വായ്പ തുക ₹ | മുൻവർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ജി.ഒ.എം.എസ്. 100/2018/തീ.30.07.2018 | 0 | 4825956 | 556000 | 4269956 |

4-6 സ്ഥിര നിക്ഷേപം

- - ഇല്ല - -

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹15,239/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2018-2019 | 2-4 | 15239 | സെക്രട്ടറി | 120010100247/25.06.2020 |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

- - ഇല്ല - -

4-9 ചാർജ് /സർചാർജ് നടപടിയിലൂടെ ഈടാക്കിയ തുക

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യ മായ തുക ₹ | അവശേ ഷിക്കുന്ന തുക/ ബാധ്യത ₹ | റി മാ ർ ക്ക് സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2002-03 | 2-3 | റ്റി. കെ. സരസ്വതിയമ്മ സെക്രട്ടറി | LF-4970/ Spl.cell/ SC2/06 | 5283 | | | | | | 5283 | |

| | | | | 13.02.07 | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 17574554.41 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44910714.00 |
| ആകെ | 62485268.45 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55939938.00 |
| ആകെ | 6545330.41 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1113278.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - - ഇല്ല - - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 277000 | ഡോ. ജെറി സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-18 | 230158 | ശ്രീമതി. ലീനാകുമാരി കെ.ജി., സെക്രട്ടറി |
| 1-19 | 606120 | ശ്രീമതി. ലീനാകുമാരി കെ.ജി., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- - ഇല്ല - -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– – ഇല്ല – –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ജെറി സെബാസ്റ്റ്യൻ<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കരിങ്കുന്നം | ചകുവയിൽ വീട്<br>തൊടുപുഴ പി.ഒ., ഇടുക്കി<br>ജില്ല |
| ശ്രീമതി. ലീനാകുമാരി കെ.ജി.,<br>സെക്രട്ടറി | സെക്രട്ടറി<br>ഇട്ടിവ ഗ്രാമപഞ്ചായത്ത് | പ്ലാവിലപുത്തൻവീട്<br>എഴിയംപി.ഒ, അഞ്ചൽ<br>കൊല്ലം |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-7/64/99/ 10.09.1999 | 1 | 28 |
| 1997-98 | എൽ.എഫ്.ഐ-7/707/200/ 30.11.2000 | 5 | 33, 34, 35, 42, 43 |
| 1998-99 | എൽ.എഫ്.ഐ-7/172/2000/31.07.2000 | 2 | 28, 29 |
| 1999-2000 | എൽ.എഫ്.ഐ-7/250/2001 /15.10.2001 | 6 | 24, 31, 32, 33, 37, 39 |
| 2000-01 | എൽ.എഫ്.ഐ-7/627/2001/15.10.2001 | 5 | 24, 25, 27, 28, 29 |
| 2001-02 | എൽ.എഫ്.ഐ-7/449/2003/13.05.2005 | 6 | 2-5, 2-7, 2-8, 2-9,<br>2-10, 2-11 |
| 2002-03 | എൽ.എഫ്.ഐ-7/227/2005/13.05.2005 | 2 | 2-3, 3-2 |
| 2003-04 | എൽ.എഫ്.ഐ-7/709/2007/14.05.2007 | 4 | 2-5, 3-1, 3-4, 3-5 |
| 2004-05 | എൽ.എഫ്.ഐ-7/67/2008/03.09.2008 | 7 | 2-1, 3-1, 3-4, 3-5,<br>3-6, 3-7, 3-9 |
| 2005-06 | എൽ.എഫ്.ഐ-7/68/2008/09.09.2008 | 13 | 3-1, 3-3, 3-4, 3-5, 3-6, 3-8,3-9,<br>3-10, 3-11, 3-14, 3-15, 3-17, 3-18 |
| 2006-07 | എൽ.എഫ്.ഐ-7/1807/17/17.03.18 | 17 | 2-1, 2-2, 3-1, 3-2, 3-3, 3-5,3-6,<br>3-8, 3-9,3-10,3-11, 3-12, 3-14,<br>3-15, 3-16, 3-18, 3-20 |
| 2007-08 | എൽ.എഫ്.ഐ-7/456/17/ | 23 | 2-1, 2-2, 2-3, 2-4, 2-5, 2-6, |

| | | | |
|---|---|---|---|
| | 21.04.17 | | 3-1, 3-2, 3-3, 3-5,3-6, 3-8, 3-9, 3-10, 3-11,3-12, 3-13, 3-14, 3-15, 3-17, 3-18, 3-19,3-20 |
| 2008-09 | എൽ.എഫ്.ഐ-7/1497/16/26.12.16 | 17 | 2-2, 2-3, 2-4, 2-5, 2-6,2-7, 2-8,2-9,2-10,3-2, 3-3,3-4, 3-5,3-6,3-7,3-9, 3-10 |
| 2009-10 | എൽ.എഫ്.ഐ-7/737/16/ 24.11.16 | 12 | 2-1, 2-2, 3-1, 3-2, 3-3,3-4, 3-6, 3-7, 3-8, 3-9,3-10, 3-11 |
| 2010-11 & 2011-12 | എൽ.എഫ്.ഐ-7/1801/ 17/05.02.18 | 10 | 2-1, 2-2, 3-1, 3-2,3-3, 3-4, 3-5, 3-6,3-7,3-8 |
| 2012-13 & 2013-14 | എൽ.എഫ്.ഐ-7/1137/ 16/29.11.16 | 1 | 3-1 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-7/830/2016/ 23.06.2016 | 7 | 3-1, 3-4, 3-5, 3-6, 3-8, 3-9, 3-10 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/ 183/18/17.03.18 | 7 | 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-7/ 1753/2017/12.03.18 | 12 | 2-1, 2-2, 2-3, 2-5,3-3, 3-4, 3-5,3-8,3-9, 3-13, 3-15, 3-16 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-7/ 981/2018/04.10.18/07.11.18 | 12 | 2-1, 2-2, 2-3, 2-5,3-3, 3-4, 3-5,3-8,3-9, 3-13, 3-15, 3-16 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-7/743/2019 | 22 | 2-1,2-2,2-3,2-4,2-5.2-6,2-7,3-1,3-2, 3-3,3-4,3-5,3-6,3-7,3-8,3-9,3-10, 3-11,3-12,3-13,3-14,3-15 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ-7/283/2021 | 10 | 1-9, 1-11, 1-12, 1-13, 1-14, 1-18, 1-19, 1-20, 1-21, 1-24 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്